File No.LBRD-C3/166/2017-LBRD

315
7/1/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വ്യാവസായിക പരിശീലന വകുപ്പ് - ഇടുക്കി ജില്ലയിലെ ചിത്തിരപുരത്ത് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(കൈ) നം.77/2018/തൊഴില് തീയതി,തിരുവനന്തപുരം, 25/12/2018

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 16/05/2018 -ലെ ഐ4/20164/16 നമ്പർ കത്ത്.

ഉത്തരവ്

2018-19 ബഡ്ജറ്റിൽ സംസ്ഥാനത്ത് ഭാഷാ ന്യൂനപക്ഷ മേഖലയിൽ രണ്ട് പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിലേയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ചിത്തിരപുരത്ത് പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് വിശദമായ ശിപാർശ പരാമർശം 1-ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.ടി.ഐ സ്ഥാപിക്കുന്നതിനുള്ള സ്ഥലവും കെട്ടിടവും ഫർണിച്ചറും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, എന്നീ 2 ട്രേഡുകളുടെ 2 വീതം യൂണിറ്റുകളും അവയ്ക്കാവശ്യമായ താഴെപ്പറയും പ്രകാരമുള്ള 8 തസ്തികകളോടുംകൂടി ഇടുക്കി ജില്ലയിലെ ചിത്തിരപുരത്ത് ഒരു പുതിയ സർക്കാർ ഐ.ടി.ഐ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | ശമ്പള നിരക്ക് | എണ്ണം |
|---|---|---|---|
| 1 | പ്രിൻസിപ്പാൾ ക്ലാസ്സ് - II | 42500 - 87000 | 1 |
| 2 | ജൂനിയർ ഇൻസ്ട്രക്ടർ | 26500 - 56700 | 4 |
| 3 | എ.സി.ഡി. ഇൻസ്ട്രക്ടർ | 26500 - 56700 | 1 |
| 4 | ക്ലാർക്ക് | 19000 - 43600 | 1 |
| 5 | ഓഫീസ് അറ്റൻഡന്റ് | 16500 - 35700 | 1 |
| ആകെ | | | 8 |

3. കൂടാതെ 2 വാച്ച്മാൻമാരെ കേരള സ്റ്റേറ്റ് എക്സ് സർവ്വീസ്മെൻ ഡവലപ് മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷനിൽ നിന്നും ഒരു ശുചീകരണത്തൊഴിലാളിയെ കുടുംബശ്രീയിൽ നിന്നും നിയോഗിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr.ആഷ തോമസ് ഐ എ എസ്
അഡീഷണല് ചീഫ് സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (721283/LBR-1 /2018 /Fin. തീയതി 05/09/2018 പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ്. (ഇനം നമ്പർ. 2692)
✓ വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)

# File No.LBRD-C3/166/2017-LBRD

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BINDUMOL THOMAS
Date: 2018.12.[illegible] 12:04:05 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് – തൊഴിൽ വകുപ്പ് മന്ത്രിയുടെ പി.എസ്.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 13-12-2018

ഫയൽ നം.സി3/166/2017/തൊഴിൽ ഇനം നം: 2692

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - ഇടുക്കി ജില്ലയിലെ ചിത്തിരപുരത്ത് പുതിയ സർക്കാർ ഐ.ടി.ഐ. ആരംഭിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

16/12

2692

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | : C3/166 /2017/തൊഴിൽ |
| 2. വകുപ്പ് | : തൊഴിലും നൈപുണ്യവും (സി) വകുപ്പ് |
| 3. . വിഷയം | ഇടുക്കി ജില്ലയിലെ ചിത്തിരപുരത്ത് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നത് സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 07/12/2018 |
| 5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : ശ്രീ. അനിൽകുമാർ. സി |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. ആഷ തോമസ് ഐ.എ.എസ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 12.12.2018 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. ടോം ജോസ് ഐ.എ.എസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 12.12.2018 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ടി.പി.രാമകൃഷ്ണൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 13.12.2018 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 13.12.2018 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) ഇടുക്കി ജില്ലയിലെ ചിത്തിരപുരത്ത് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) 2018-19 ബഡ്ജറ്റ് പ്രകാരം, ഭാഷാന്യൂനപക്ഷ മേഖലകളായ കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, ഇടുക്കി ജില്ലയിലെ ചിത്തിരപുരം എന്നിവിടങ്ങളിൽ പുതിയ ഐ.ടി.ഐകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിലേയ്ക്കായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

3) ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, കംപ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, പ്ലംബർ എന്നീ ട്രേഡുകളുടെ 2 വീതം യൂണിറ്റുകളോട്ടുകൂടി ചിത്തിരപുരത്ത് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിനും ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശ ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ചു. ഈ ഇനത്തിൽ 225.85 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നു.

4) ഈ വിഷയത്തിൽ ധനകാര്യവകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"ഇടുക്കി ജില്ലയിലെ ചിത്തിരപുരത്ത് "ഭാഷാന്യൂനപക്ഷ പ്രദേശത്ത് ഐ.ടി.ഐകളുടെ ശാക്തീകരണം " എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ എന്നീ രണ്ട് ട്രേഡുകളുടെ രണ്ട് യൂണിറ്റുവീതം മാത്രം അനുവദിച്ച് ഒരു പുതിയ ഐ.ടി.ഐ തുടങ്ങുന്നതിനുള്ള അനുമതിയും. അതിന് അത്യാവശ്യം വേണ്ടുന്ന ചുവടെ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം 8 തസ്തികകൾ അനുവദിക്കുന്നതിനും, രണ്ട് വാച്ച്മാൻമാരെ കേരള സ്റ്റേറ്റ് എക്സ് സർവ്വീസ്മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷനിൽ നിന്നും ഒരു ക്ലീനിംഗ് സ്റ്റാഫിനെ കുടുംബശ്രീയിൽനിന്നും എടുക്കുന്നതിനും അനുമതി നൽകുന്നു (വാർഷിക ബാദ്ധ്യത 39,99,430/-) സ്ഥിരമായി കെട്ടിടം*

*ഉണ്ടായതിനുശേഷം കൂടുതൽ ട്രേഡുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.*

| | | |
|---|---|---|
| 1 | Principal Class II | 1 |
| 2 | Junior Instructor | 4 |
| 3 | ACD Instructor | 1 |
| 4 | Clerk | 1 |
| 5 | Office Attendant | 1 |
| Total | | 8 |

*ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".*

5) ചിത്തിരപുരത്ത് ഐ.ടി.ഐ തുടങ്ങുന്നതിനുവേണ്ടി ചിത്തിരപുരം ഹൈസ്കൂളിൽ ഒരു ക്ലാസ്സ് റൂമും ഒരു ഹാളും സ്ഥിരം സംവിധാനം നിലവിൽ വരുന്നത് വരെ സൗജന്യമായി ലഭ്യമാക്കാമെന്ന് പള്ളിവാസൽ ഗ്രാമ പഞ്ചായത്ത് അധികൃതർ സമ്മതം അറിയിച്ചിട്ടുണ്ട്. ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന 4 യൂണിറ്റുകൾ ആരംഭിക്കുന്നതിനായി രണ്ട് ക്ലാസ്സ് റൂമുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

6) നാല് യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ സംഭരിക്കുന്നതിന് 88 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

7) പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

1. ഐ.ടി.ഐ സ്ഥാപിക്കുന്നതിനുള്ള സ്ഥലവും കെട്ടിടവും ഫർണിച്ചറും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ലഭ്യമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി, ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതനുസരിച്ചുള്ള ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ എന്നീ 2 ട്രേഡുകളുടെ 2 യൂണിറ്റുകൾ വീതം അനുവദിച്ചുകൊണ്ടും 8 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഇടുക്കി ജില്ലയിലെ ചിത്തിരപുരത്ത് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിന് അനുമതി നൽകാവുന്നതാണോ;

2. പ്രസ്തുത ഐ.ടി.ഐയിൽ 2 വാച്ച്മാൻമാരെ കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ ഡവലപ്മെന്റ് & റീഹാബിലിറ്റേഷൻ കോർപ്പറേഷൻ മുഖേനയും ഒരു ശുചീകരണ തൊഴിലാളിയെ കുടുംബശ്രീ മുഖേനയും നിയമിക്കുന്നതിനും അനുമതി നൽകാവുന്നതാണോ?.